(Pages : 4) **1010**

Sl. No. 2998

# S.S.L.C. EXAMINATION, MARCH - 2014

## MALAYALAM (Paper - II)

**Time : 1½ Hours** **Total Score : 40**

---

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ചുമിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

---

[SCORE]

*Q1)* "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ."

- വള്ളത്തോൾ

"സ്വരങ്ങളിലൂടെ തേനും വ്യഞ്ജനങ്ങളിലൂടെ ഇരുമ്പുമൊഴുക്കുന്ന
അമ്പത്തൊന്നു കമ്പികളുള്ള വീണ."

- സച്ചിദാനന്ദൻ

ഭാഷയെ അമ്മയായും വീണയായും കവികൾ സങ്കല്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വിശദീകരിക്കുക. [2]

*Q2)* "ക്രിക്കറ്റ് ലോകമാകെ ഒരു മനസ്സോടെ സച്ചിൻ എന്ന് ആർത്തുനിൽക്കെ വികാരനിർഭരമായി യാത്രചൊല്ലി വാംഖഡെ സ്റ്റേഡിയത്തിലെ പച്ചപ്പിലൂടെ സച്ചിൻ കളിക്കളം വിട്ടു."- അടിവരയിട്ടപദം ഈ വാക്യത്തിനു നൽകുന്ന ഭാവപരമായ രണ്ടു പ്രത്യേകതകൾ എഴുതുക. [2]

*Q3)* "അറിയുമേ ഞങ്ങ,ളറിയുമീ നാടു
നരകമാക്കീടും നരകീടങ്ങളെ." - 'നാട് നരകമാക്കുന്ന നരകീടങ്ങൾ' എന്ന പ്രയോഗത്തിലൂടെ കവി അർത്ഥമാക്കുന്നതെന്തൊക്കെയാവാം - വിശദീകരിക്കുക [2]

*P.T.O.*

For more Question papers, Answer key, Notes etc. visit: BIO-VISION VIDEO BLOG

*Q4)* "എനിക്കതിന്റെ കൂടറിയാം
കുഞ്ഞിനേയുമറിയാം
എന്നാൽ എനിക്കതിന്റെ
ഭാഷയറിയില്ലല്ലോ." - ഭാഷയറിയാത്തതിന്റെ നിസ്സഹായതയാണ് ഈ വരികളിൽ തെളിയുന്നത് - സമർത്ഥിക്കുക. **[2]**

*Q5)* "സന്ധ്യകളിൽ അഗ്നിവിശുദ്ധയായി
കനകപ്രഭ ചൊരിഞ്ഞ എഴുത്തച്ഛന്റെ സീതാമാതാവ്
പച്ചയും കിരീടവുമണിഞ്ഞ് അരമണിയും ചിലമ്പും കിലുക്കി
ഞങ്ങൾ നേടിയ വാടാത്ത കല്യാണ സൗഗന്ധികം
ഉൽസവപ്പിറ്റേന്നത്തെ പുലരിമയക്കത്തിൽ
ചേങ്കിലമുഴക്കത്തോടൊപ്പം കാതുകളിൽ പൂത്തുനിന്ന
സാമ്യമകന്നോരുദ്യാനം."

'കാവ്യചരിത്രം കാവ്യമായി മാറുന്ന കാവ്യമാണ് സച്ചിദാനന്ദന്റെ 'മലയാളം'

മുകളിൽ കൊടുത്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം) **[4]**

*Q6)* "ഉമ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ പുറത്തു തനിച്ചു നിൽക്കെ
പെട്ടെന്നു വന്നൂ പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരിഞ്ഞുചെന്നു

.........................................................

ഉമ്മുക്കുലുസു മരിച്ചന്നു രാത്രിതൊ-
ട്ടിന്നോളമാ മഴ തോർന്നുമില്ല."

'തോരാമഴ' - റഫീഖ് അഹമ്മദ്

"രാത്രിമഴ ചുമ്മാതെ കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ പിറുപിറുത്തും
നീണ്ടു മുടിയിട്ടഴിച്ചും കുനിഞ്ഞിരിക്കുന്നൊരു
യുവതിയാം ഭ്രാന്തിയെപ്പോലെ."

'രാത്രിമഴ' - സുഗതകുമാരി.

'മഴ, കവികളിൽ നിറയ്ക്കുന്നത് പലതരം ഭാവങ്ങളാണ് - മുകളിൽ കൊടുത്ത കാവ്യഭാഗങ്ങളെ അടിസ്ഥാനമാക്കി സമർത്ഥിക്കുക. (അരപ്പുറം) **[4]**

For more Question papers, Answer key, Notes.etc. visit: BIO-VISION VIDEO BLOG

[Score]

*Q7)* "എന്റെ അർബാബിന് എന്നെ വലിയ ഇഷ്ടമായി. എന്റെ ജോലി ഇഷ്ടമായി. എനിക്ക് ഇടയ്ക്കിടെ നല്ല സമ്മാനങ്ങൾ തരാറുണ്ട്. ഇവിടെ വിശാലമായ സ്ഥലത്താണ് എന്റെ മുറിയും താമസവും. എന്റെ കട്ടിലിൽ ഇരുന്നാൽ എനിക്ക് അടുത്തപ്രദേശങ്ങൾ മുഴുവൻ കാണാം. എത്ര സുന്ദരമായ സ്ഥലമാണ്."

'ആടുജീവിത'ത്തിൽ നജീബ് സൈനുവിനെഴുതുന്ന കത്തിലെ ഒരു ഭാഗമാണിത്. മറ്റുദാഹരണങ്ങൾ കൂടി സ്വീകരിച്ച് താഴെ കൊടുത്ത പ്രസ്താവനയെ വ്യാഖ്യാനിക്കുക.

'യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്താൻ മാത്രമല്ല, ഒളിച്ചുവെയ്ക്കാനും ഭാഷയ്ക്ക് കഴിയും'. (അരപ്പുറം) [4]

*Q8)* "ഈ പ്രപഞ്ചം മുഴുവൻ ഈശ്വരമയമാണ്. ജീവജാലത്തിൽ ഇന്നതുൽകൃഷ്ടം, ഇന്നതപകൃഷ്ടം എന്നു പരിശ്ഛേദിക്കാനാർക്കും അവകാശമില്ല. എല്ലാം ഈശ്വരന്റെ അംശാവതാരങ്ങളാണ്".

-ബ്രഹ്മാലയം തുറക്കപ്പെട്ടു - വി.ടി. ഭട്ടതിരിപ്പാട്.

'ജാതി ഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്." - ശ്രീനാരായണഗുരു.

മുകളിൽക്കൊടുത്ത പാഠഭാഗത്തിലെയും കാവ്യഭാഗത്തിലെയും ആശയങ്ങളെ മുൻനിർത്തി 'വിശ്വമാനവികത' എന്ന വിഷയത്തെക്കുറിച്ച് ഗാന്ധിജയന്തി ദിനത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള ഒരു പ്രഭാഷണം തയ്യാറാക്കുക. (അരപ്പുറം) [4]

*Q9)* "സത്യപ്രകൃതി ദീപത്തിൽ-
ക്കത്തും പൊൻതിരി പോലവേ,
അരിവാളേന്തിനിൽക്കുന്നൂ
കന്നി-കർഷകകന്യക.
കുളിർക്കെയവൾ നോക്കുമ്പോൾ
പൂത്തു വിൺപിച്ചകച്ചെടി
അവൾ നീരാടവേ നീല-
ദർപ്പണം പാഴ്ച്ചളിക്കുളം!"

മുകളിൽ കൊടുത്ത കാവ്യഭാഗത്തെ മുൻനിർത്തി വാങ്മയചിത്രങ്ങൾ കവിതയ്ക്ക് എത്രത്തോളം ഭാവദീപ്തി നൽകുന്നുവെന്ന് പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം) [4]

*P.T.O.*

For more Question papers, Answer key, Notes etc. visit: BIO-VISION VIDEO BLOG

[SCORE]

*Q10)* "അധിനിവേശ സംവിധാനം എന്താണ് ഞങ്ങളെപ്പോലുള്ള കെനിയൻ കുട്ടികളിൽ ചെയ്തത് ? ഒരു വശത്ത് ഞങ്ങളുടെ ഭാഷകളേയും സാഹിത്യങ്ങളേയും അടിച്ചമർത്തി. മറുവശത്ത് ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തേയും ആകാശത്തോളം ഉയർത്തുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വലുതായിരുന്നു."

– വാക്കിന്റെ കൂടെരിയുന്നു – ഗൂഗിവാ തിഓംഗോ.

"ഞാൻ മാതൃഭാഷയോട് – അതിനെന്തെല്ലാം കുറവുണ്ടായിരുന്നാലും – മാതാവിന്റെ മാറിനോടെന്നപോലെ, പറ്റി നിൽക്കുന്നു. അതിനു മാത്രമേ എനിക്ക് ജീവദായകമായ മുലപ്പാൽ തരാനാവൂ. ഞാൻ ആംഗലഭാഷയെ അതിന്റെ നിലയ്ക്ക് സ്നേഹിക്കുന്നു ; പക്ഷേ, അതിനവകാശമില്ലാത്ത സ്ഥാനം അത് കൈയ്യേറുകയാണെങ്കിൽ, ഞാനതിന്റെ ഏറ്റവും വലിയ ശത്രുവായിത്തീരും"

– മഹാത്മാഗാന്ധി

രണ്ടഭിപ്രായവും താരതമ്യം ചെയ്ത് 'മാതൃഭാഷാബോധം മലയാളിയിൽ' എന്ന വിഷയത്തെക്കുറിച്ച് ലഘുഉപന്യാസം തയ്യാറാക്കുക. (ഒരുപുറം) [6]

അല്ലെങ്കിൽ

നമ്മുടെ ഭരണഘടന ഉറപ്പുതരുന്ന കുട്ടികളുടെ അവകാശങ്ങളിൽപ്പെടുന്നവയാണ് താഴെ കൊടുത്തിരിക്കുന്നത് :

- 'ആത്മപ്രകാശനത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള അവകാശം'
- 'വ്യക്തിത്വ വികാസത്തിനുള്ള അവകാശം.'

അന്യഭാഷ മാധ്യമമായി വരുന്ന വിദ്യാലയങ്ങളിൽ ഈ അടിസ്ഥാനവകാശങ്ങൾ എങ്ങനെയെല്ലാമാണ് ലംഘിക്കപ്പെടുന്നത് ? ഗൂഗി വാ തിഓംഗോയുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ മറ്റ് ഉദാഹരണങ്ങൾ കൂടി സ്വീകരിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക. (ഒരു പുറം)

*Q11)* "അവൾ ഒരിക്കലും ഒരു വീട്ടിൽ താമസിച്ചിട്ടുണ്ടാവില്ല. തെരുവായിരിക്കണം അവളുടെ വീട്."

"ഇപ്പോൾ ഇരുട്ടിൽ പരുക്കൻ തെരുവിന്റെ ക്രൂരതയിൽ അവൾ വീണ്ടും ഒറ്റപ്പെട്ടിരിക്കുകയാണ്."

"കുറച്ചകലെ ഷട്ടർ താഴ്ത്തിയ ഒരു കടയുടെ ഒതുക്കുകല്ലിൽ അവൾ ചുരുണ്ടു കിടക്കുന്നു."

'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ റാണിയുടെ അവസ്ഥയാണിത്. ഇങ്ങനെയുള്ള തെരുവുബാല്യങ്ങളെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി ശിശുദിനത്തിൽ നിങ്ങൾ പുറത്തിറക്കുന്ന സ്കൂൾ മാസികയ്ക്ക് ഒരു എഡിറ്റോറിയൽ തയ്യാറാക്കുക. (ഒരുപുറം) [6]

□□□□

For more Question papers, Answer key, Notes etc. visit: BIO-VISION VIDEO BLOG